**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **24-08-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട ജലവൈദ്യുത നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരിസ്ഥിതിക്ക് കോട്ടം വരാത്തതും താരതമ്യേന ചെലവ് കുറഞ്ഞതുമായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യത കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പരിസ്ഥിതി സൗഹൃദവും താരതമ്യേന ചെലവു കുറഞ്ഞതുമായ ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കെ.എസ്. ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം (1) ആയും, സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം (2) ആയും പരിവേഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം (3) ആയും ചേർക്കുന്നു. ഇതിനു പുറമേ ചെറുകിട ജല വൈദ്യുത പദ്ധതികളായ ഒലീക്കൽ (5 MW) പൂവാരംതോട് (3MW) അപ്പർ ചെങ്കുളം (24 MW) മരിപ്പുഴ (6 MW) എന്നീ ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്കുള്ള അനുബന്ധ നടപടികൾ പുരോഗമിക്കുന്നു.<br><br>സംസ്ഥാനത്തെ വൈദ്യുത ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗ മായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. ഇതിന് വേണ്ടി പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള ഇംപ്ലി മെന്റേഷൻ കരാറുകൾ വയ്ക്കുകയും, ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ പരീക്ഷി ക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിക്കുനന്നതിനു ചെറുകിട ജല വൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു. |

| | | | |
|---|---|---|---|
| (ബി) | ചെറുകിട ജലവൈദ്യുത പദ്ധതികളിൽ സഹകരണ സ്ഥാപനങ്ങൾക്ക് പണം മുടക്കാൻ കഴിയുംവിധം ചെറുകിട ജലവൈദ്യുത നയം പരിഷ്കരിക്കണമെന്ന് എനർജി മാനേജ്മെൻറ് സെൻറർ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ചെറുകിട ജലവൈദ്യുതി നയം 2012-ന് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നത് ലക്ഷ്യം വച്ച് ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ സ്റ്റേക്ക് ഹോൾഡേഴ്സ് കൺസൾട്ടേഷൻ മീറ്റ് 2022 ജൂൺ മാസം 22 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ ഇ. എം. സി സംഘടിപ്പിച്ചിരുന്നു.<br><br>ഈ കൺസൾട്ടേഷൻ മീറ്റിൽ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളുണ്ടായിരുന്നു. ചർച്ചകളിൽ ഉരുത്തിരിഞ്ഞതും സർക്കാരിന്റെ പരിഗണനയിലുള്ള വിഷയങ്ങളും ഉൾപ്പെടുത്തി പുതുക്കിയ കരട് ചെറുകിട ജലവൈദ്യുതി നയം ഉടനെ തന്നെ ഇ. എം. സി സർക്കാരിലേക്ക് സമർപ്പിക്കുന്നതാണ്. പ്രസ്തുത നയം പുതുക്കി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം സുഗമമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | മൂലധന നിക്ഷേപം നടത്തി ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സഹകരണ ബാങ്കുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളി ത്തത്തോടെ SPV- കൾ രൂപീകരിച്ച് ചെറുകിടജലവൈദ്യുത പദ്ധതികൾ നടപ്പിലാ ക്കുന്നതിന് ഇ.എം.സി തദ്ദേശസ്വയംഭരണ വകുപ്പിനും, സഹകരണ വകുപ്പിനും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>ഇതിന്റെ ആദ്യ ചുവട് വെയ്പ്പായി പാലക്കാട് ജില്ലയിലെ ലോവർ വട്ടപ്പാറ (3 MW) ചെറുകിട ജലവൈദ്യുത പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ സഹകരണ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളി ത്തത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ലോവർ വട്ടപ്പാറ (3MW) ചെറുകിടജലവൈദ്യുത പദ്ധതിയുടെ ഡി.പി.ആർ ഇ.എം.സി തയ്യാറാക്കി വരുന്നു. |
| (ഡി) | ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പുതിയ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുവാനും സ്വകാര്യ, ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി കുറഞ്ഞ പലിശയിൽ വായ്പ, മൊറട്ടോറിയം എന്നിവ ഉൾപ്പെടുന്ന വായ്പാരീതി പരിഗണിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ചെറുകിട ജല വൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പര്യവേഷണം മുതൽ നിർമ്മാണം വരെ എല്ലാ ഘട്ടങ്ങളിലും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നബാർഡ്-ന്റെ കുറഞ്ഞ നിരക്കിലുള്ള സാമ്പത്തിക സഹായം വിവിധ ജലവൈദ്യുത പദ്ധതികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ചെറുകിട ജല വൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പുതിയ സാങ്കേതിക വിദ്യകൾക്ക് നിലവിൽ സർക്കാർ ഇ.എം.സി മുഖേന പ്രോത്സാഹനം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ വിവിധ മൂലധന വായ്പ നൽകുന്ന സ്ഥാപനങ്ങളിൽ നിന്നും ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സംരംഭകർക്ക് കുറഞ്ഞ നിരക്കിലുള്ള വായ്പയും, മൊറട്ടോറിയം നൽകുന്നതിന് വേണ്ടിയുള്ള സാധ്യത പരിശോധിക്കുന്നതാണ്.<br><br>അതുകൂടാതെ പീക്കോ (5 കിലോവാട്ടിന് താഴെയുള്ള) കുഞ്ഞൻ ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സബ്സിഡി സ്കീം ഇ.എം.സി.യുടെ പരിഗണ നയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ

5 5 അനുബന്ധം-1

<u>നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികൾ</u>

| | പദ്ധതി | MW | Mu |
|---|---|---|---|
| 1 | ചിന്നാർ | 24 | 76.45 |
| 2 | ഭൂതത്താൻകെട്ട് | 24 | 83.5 |
| 3 | പെരുവണ്ണാമുഴി | 6 | 24.7 |
| 4 | പഴശ്ശിസാഗർ | 7.5 | 25.16 |

7 7 ഒന്നാംനമ്പർ (11)

## സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നു വരുന്ന ചെറുകിട ജല വൈദ്യുത പദ്ധതികൾ

| | പദ്ധതി | MW | Mu | ജില്ല | നദി |
|---|---|---|---|---|---|
| 1 | പീച്ചാട് SHEP | 3 | 7.74 | ഇടുക്കി | മുതിരപ്പുഴ |
| 2 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി | കല്ലാർ |
| 3 | ലാഡ്രും SHEP | 3.5 | 12.13 | ഇടുക്കി | പെരിയാർ |
| 4 | മാർമ്മല SHEP | 7 | 23.02 | കോട്ടയം | മീനച്ചലാർ |
| 5 | കീരിത്തോട് | 12 | 27.65 | ഇടുക്കി | പെരിയാർ |
| 6 | ചെമ്പുകടവ് III SHEP | 7.5 | 16.65 | കോഴിക്കോട് | ചാലിപ്പുഴ |
| 7 | ചാത്തൻകോട്ടുനട I SHEP | 5 | 12.06 | കോഴിക്കോട് | കുറ്റ്യാടി പുഴ |
| 8 | പഴുക്കടവ് SHEP | 4 | 10.34 | കോഴിക്കോട് | കുറ്റ്യാടി പുഴ |
| 9 | വളാംതോട് SHEP | 7.5 | 15.29 | മലപ്പുറം | ചാലിയാർ |
| 10 | ആനക്കയം (Forest Clearance) | 7.5 | 22.85 | തൃശ്ശൂർ | ചാലിയാർ |

9 9 അനുബന്ധം ( III )

<u>പരിവേഷണ സാധ്യത പഠനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികൾ</u>

| | | | | | |
|---|---|---|---|---|---|
| 1 | പള്ളിവാസൽ ഓഗ്മെന്റ്ഷൻ സ്കീം സ്റ്റേജ് I ( ഗ്രഹാംസ് ലാൻഡ് ) | 4 | 10.9 | ഇടുക്കി | മുതിരപ്പുഴ |
| 2 | പാംബ്ല | 10 | 22.7 | ഇടുക്കി | പഴയരിത്തോട് |
| 3 | ഒറ്റക്കൽ | 2 | 3.19 | കൊല്ലം | കല്ലട റിവർ |
| 4 | അരുവികുഴി | 1.5 | 3.75 | ഇടുക്കി | പെരിയാർ |
| 5 | ലോവർ പൂഴിത്തോട് | 5.12 | 11.91 | കോഴിക്കോട് | കടന്താരപ്പുഴ |
| 16 | അപ്പർ പൂഴിത്തോട് | 3.6 | 7.84 | കോഴിക്കോട് | കടന്താരപ്പുഴ |
| 7 | ഉറുമി സ്റ്റേജ് III | 2.4 | 5.43 | കോഴിക്കോട് | പൊയിലിങ്ങൽപ്പുഴ |
| 8 | പാൽച്ചുരം | 3.3 | 6.65 | കണ്ണൂർ | ഭവാനിപ്പുഴ |
| 9 | പൊരിങ്ങൽ extn | 24 | 33.78 | പാലക്കാട് | നിളനദി |
| 10 | അപ്പർ പൊരിങ്ങൽ SHEP | 18 | 100 | തൃശ്ശൂർ | ചാലക്കുടി |